# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4180 — 13.12.2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. പി. ഉണ്ണി

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>പ്രളയം മൂലം സംഭവിച്ച സാമ്പത്തിക പ്രതിസന്ധി</u>**

| | | |
|---|---|---|
| (എ) | പ്രളയം മൂലം സംഭവിച്ച സാമ്പത്തിക പ്രതിസന്ധി അതിജീവിക്കുന്നതിനായി ഈ സർക്കാർ എന്തെങ്കിലും തരത്തിലുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരണം നൽകാമോ; | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽ നിന്നും കുറവ് വരുത്തുന്നതിനും, ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു. സാമ്പത്തിക അച്ചടക്കം ഉറപ്പു വരുത്തുന്നതിനും, ധനദൃഢീകരണം സാധ്യമാക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങളും പ്രാബല്യത്തിലുണ്ട്. |
| (ബി) | അടിയന്തര ധനസമാഹരണം നടത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ; | പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മാണ വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി. യുടെ 4.5 ശതമാനമായും, 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്നും, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്ക് മേൽ ചുമത്തുന്ന ജി.എസ്.ടി.യ്ക്ക് പുറമെ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ലോക ബാങ്ക്, എ.ഡി.ബി. എന്നിവയിൽ നിന്നും വായ്പകൾ ലഭ്യമാക്കുന്നതിനും, നിലവിൽ മേൽ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികളിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക വിനിയോഗിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | പ്രളയ ദുരന്തത്തിന്റെ ഫലമായുണ്ടായ ദ്രവ്യനാശം, ജീവനോപാധികളുടെ നഷ്ടം, മറ്റ് തരത്തിലുള്ള വരുമാന നഷ്ടം എന്നിവ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (Post Disaster Need Assessment-PDNA) റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,996/- കോടി രൂപയും, റാപ്പിഡ് ഡാമേജ് അസസ്സ്മെന്റ് ആന്റ് നീഡ്സ് അനാലിസിസ് (Rapid Damage Assessment and Needs Analysis – RDANA) റിപ്പോർട്ട് അനുസരിച്ച് 25,050/- കോടി രൂപയുമാണ്. |

**സെക്ഷൻ ഓഫീസർ**